**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1048** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പി.എം.ശ്രീ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പി.എം.ശ്രീ പദ്ധതി പ്രകാരം വിദ്യാഭ്യാസ മേഖലയിൽ കേന്ദ്രഫണ്ട് സ്വീകരിക്കുന്ന കാര്യം ആലോചനയിലുണ്ടോ;

**<u>മറുപടി:</u>** പി.എം.ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാരുമായി ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്. ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതിയിൽ നിന്ന് പിൻമാറാനുള്ള അവകാശം സംസ്ഥാനത്തിനില്ല. പദ്ധതിയിൽ ഒപ്പുവച്ചിട്ടുണ്ടെങ്കിലും പി.എം.ശ്രീ പദ്ധതി സംസ്ഥാനത്ത് ഇതുവരെ നടപ്പാക്കിയിട്ടില്ല. പദ്ധതി റിവ്യൂ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി യോഗം ചേർന്നിട്ടില്ല. ഈ സർക്കാർ അധികാരമേറ്റതിനെത്തുടർന്ന് 18/06/2026 തീയതിയിലെ സ.ഉ.(കൈ)നം.107/2026/പൊ.വി.വ. പ്രകാരം പുതിയ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ഭരണഘടനാ പ്രകാരമുള്ള സംസ്ഥാനത്തിന്റെ അവകാശങ്ങളായ സിലബസ് തയ്യാറാക്കൽ, പദ്ധതിയിൽ അംഗമാകുന്നതിനുള്ള സ്കൂളുകളുടെ തിരഞ്ഞെടുപ്പ് എന്നിവ നിലനിർത്തി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ സാധിക്കുമോ എന്ന് പരിശോധിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മന്ത്രിസഭാ ഉപസമിതിയുടെ ആദ്യ യോഗം 24/06/2026 ന് ചേരുകയുണ്ടായി. ടി വിഷയത്തിൽ മന്ത്രിസഭ ഉപസമിതി അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**(ബി)** പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദീകരിക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ രംഗത്ത് എന്തെങ്കിലും മാറ്റങ്ങൾ വരുത്തുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**